2025 OCTOBER
24
FRIDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY
e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# ദേശീയപാതയിൽ നെറ്റ്‌വർക്ക് സർവേ വാഹനങ്ങൾ വിന്യസിക്കാനൊരുങ്ങി ദേശീയപാത അതോറിറ്റി

**കൊച്ചി:** ദേശീയപാതകളിലെ യാത്രാനുഭവം മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ 23 സംസ്ഥാനങ്ങളിലായി ദേശീയപാതയുടെ 20,933 കിലോമീറ്ററിൽ റോഡിന്റെ വിവരങ്ങളും ഉപരിതല നിലവാരം സംബന്ധിച്ച വിവരങ്ങളും ശേഖരിക്കാനും വിശകലനം ചെയ്യാനും നെറ്റ്‌വർക്ക് സർവേ വാഹനങ്ങൾ (എൻഎസ്‌വി) ദേശീയപാത അതോറിറ്റി വിന്യസിക്കും. റോഡിലെ വിള്ളലുകൾ, കുഴികൾ, കേടുപാടുകൾ എന്നിവയടക്കമുള്ള കാര്യങ്ങളും ഉപരിതല നിലവാരവുമായി ബന്ധപ്പെട്ട വിവരങ്ങളും ശേഖരിക്കാൻ ഈ വാഹനങ്ങളിലൂടെ ദേശീയപാത അതോറിറ്റിയ്ക്ക് സാധിക്കും. റോഡുകളുടെ നിലവാരത്തിലെ കുറവുകൾ എടുത്തു കാണിക്കുന്ന എൻ.എസ്.വി സർവേ വിവരങ്ങൾ ദേശീയപാതകൾ മികച്ച രീതിയിൽ പരിപാലിക്കുന്നതിനാവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കാൻ ദേശീയപാത അതോറിറ്റിയെ സഹായിക്കും. എൻ.എസ്.വി സർവേ വഴി ശേഖരിക്കുന്ന വിവരങ്ങൾ ദേശീയപാത അതോറിറ്റിയുടെ നിർമിതബുദ്ധി അധിഷ്ഠിത 'ഡാറ്റാ ലേക്ക്' പോർട്ടലിൽ ചേർക്കും. ദേശീയപാത അതോറിറ്റിയിലെ വിദഗ്ധ സംഘം ഈ വിവരങ്ങൾ വിശകലനം ചെയ്യുകയും തുടർ നടപടികൾക്കാവശ്യമായ ഉൾക്കാഴ്ചകൾ നൽകുകയും ചെയ്യും. തുടർന്ന് കേന്ദ്ര മാർഗനിർദേശപ്രകാരം പതിവായി ശേഖരിക്കുന്ന ഈ വിവരങ്ങൾ ഭാവി സാങ്കേതിക ആവശ്യങ്ങൾക്കായി റോഡ് അസറ്റ് നിർവഹണ സംവിധാനത്തിൽ നിശ്ചിത



ഫോർമാറ്റുകളിൽ സൂക്ഷിക്കും.

പകൽ സമയം റോഡുകളിലെ ദ്വിമാന, ത്രിമാന ചിത്രങ്ങൾ പകർത്താനും മനുഷ്യ ഇടപെടലില്ലാതെ തന്നെ റോഡുകളിലെ പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്യാനും ശേഷിയുള്ള ത്രിമാന ലേസർ അധിഷ്ഠിത എൻ.എസ്.വി സംവിധാനം ഉപയോഗിച്ചാണ് റോഡിന്റെ ഉപരിതല നിലവാരം സംബന്ധിച്ച സർവേകൾ നടത്തുന്നത്. വ്യക്തതയേറിയ 360ഡിഗ്രി ക്യാമറകൾ, ഡി.ജി.പി.എസ് (ഡിഫറൻഷ്യൽ ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം), ഐ.എം.യു (ഇനേർഷ്യൽ മെഷർമെന്റ് യൂണിറ്റ്), ഡി.എം.ഐ (ഡിസ്റ്റൻസ് മെഷറിംഗ് ഇൻഡിക്കേറ്റർ) എന്നിവ ഈ വാഹനങ്ങളിൽ സജ്ജീകരിച്ചിട്ടുണ്ട്.

റോഡന്റെ വിവരങ്ങളും ഉപരിതല നിലവാരവും കൃത്യമായി അളക്കാനും റിപ്പോർട്ട് ചെയ്യാനും വിവിധോദ്ദേശ്യ വിവര ശേഖരണ വിശകലന സോഫ്റ്റ്‌വെയറുകളും ഈ വാഹനങ്ങളിലുണ്ട്. രണ്ടോ നാലോ ആറോ എട്ടോ വരികളുടെ എല്ലാ പദ്ധതികളിലും പ്രവൃത്തി തുടങ്ങുന്നതിന് മുൻപ് എൻ.എസ്.വി ഉപയോഗിച്ച് വിവരശേഖരണം നടത്തും. പിന്നീട് ആറ് മാസം കൂടുമ്പോൾ പതിവ് വിവരശേഖരണവും നടത്തും. ഈ സംരംഭം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് യോഗ്യരായ കമ്പനികളെ ദേശീയപാത അതോറിറ്റി ലേലത്തിന് ക്ഷണിച്ചിട്ടുണ്ട്.



## കപ്പൽ നിർമാണരംഗത്തെ സാധ്യതകൾ പങ്കുവെച്ച് ഷിപ്പ് ബിൽഡിംഗ് സമിറ്റ്

**കൊച്ചി:** കപ്പൽ നിർമാണരംഗത്ത് ആഗോളതലത്തിൽ മുന്നിരയിലെത്താൻ വിഭാവനം ചെയ്ത മാരിടൈം ഇന്ത്യ വിഷൻ 2030ന്റെ ഭാഗമായി കൊച്ചിയിൽ ഷിപ്പ് ബിൽഡിംഗ് സമിറ്റ് സംഘടിപ്പിച്ചു. കൊച്ചിൻ ഷിപ്പ്‌യാർഡും സെന്റർ ഫോർ പബ്ലിക് പോളിസി റിസർച്ചും (സി.പി.പി.ആർ) ചേർന്ന് സംഘടിപ്പിച്ച ഉച്ചകോടി സി.എസ്.എൽ ചെയർമാനും മാനേജിങ് ഡയറക്ടറുമായ മധു എസ്. നായർ ഉദ്ഘാടനം ചെയ്തു. കപ്പൽ നിർമാണ മേഖലയിൽ ആഗോള ശക്തിയാകാൻ കഴിയുന്ന സാഹചര്യമാണ് ഇന്ത്യയ്ക്കുള്ളതെന്ന് മധു എസ്. നായർ പറഞ്ഞു. കപ്പൽ നിർമാണ രംഗത്തെ സിംഹഭാഗവും കയ്യാളുന്ന ജപ്പാനും ദക്ഷിണ കൊറിയയും കടുത്ത തൊഴിലാളി ക്ഷാമത്തിലൂടെയാണ് കടന്നുപോകുന്നത്. വൈദഗ്ധ്യവുമുള്ള തൊഴിലാളികൾ, ശക്തമായ സമ്പദ്‌വ്യവസ്ഥ, അതിവേഗം വളരുന്ന ആഭ്യന്തര വിപണി എന്നിവയുള്ള ഇന്ത്യയ്ക്ക് കപ്പൽ നിർമാണ മേഖലയിൽ ബഹുദൂരം മുന്നേറാനാകും.

നാവികസേനയ്ക്കു പുറമെ വിവിധ രാജ്യങ്ങൾക്കും വേണ്ടിയും അത്യാധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കപ്പലുകൾ നിർമിച്ചു നൽകുന്ന കൊച്ചിൻ ഷിപ്പ്‌യാർഡിന്റെ പ്രവർത്തനം മാരിടൈം ഇന്ത്യ വിഷന് ഏറെ സഹായകരമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സി.പി.പി.ആർ ചെയർമാൻ ഡോ. ഡി. ധനുരാജ് മുഖ്യപ്രഭാഷണം നടത്തി. ഗവേഷണം, നൈപുണ്യ വികസനം, ആഗോള പങ്കാളിത്തം എന്നിവയെ പ്രോത്സാഹിപ്പിക്കുന്ന ഇക്കോസിസ്റ്റം വളർത്തിയെടുക്കുന്നത് കപ്പൽ നിർമാണ രംഗത്ത് ഇന്ത്യയുടെ സ്ഥാനം മെച്ചപ്പെടുത്താൻ അത്യന്താപേക്ഷിതമാണെന്ന് ഡോ. ഡി .ധനുരാജ് പറഞ്ഞു. മുൻ നാവികസേന വൈസ് അഡ്മിറലും നാഷണൽ മാരിടൈം സെക്യൂരിറ്റി കോർഡിനേറ്ററുമായ ജി. അശോക് കുമാർ, മസഗോൺ ഡോക്ക് ഷിപ്ബിൽഡേഴ്സ് ലിമിറ്റഡ് ഡയറക്ടർ ബിജു ജോർജ്, സ്മാർട്ട് എൻജിനീയറിംഗ് ആൻഡ് ഡിസൈൻ സൊല്യൂഷൻസ് ലിമിറ്റഡ് സിഒഒ പി. ഹരിരാജ് , കുസാറ്റിലെ നേവൽ ആർകിടെക്ചർ ആൻഡ് ഷിപ്പ് ബിൽഡിംഗ് ഡിപ്പാർട്ട്മെന്റ് അസോസിയേറ്റ് പ്രൊഫസർ ഡോ. പി. കെ സതീഷ് ബാബു എന്നിവർ സംസാരിച്ചു.

## സമുദ്ര വിഭവങ്ങളുമായി ലുലുവിൽ സീഫുഡ് ഫെസ്റ്റിവൽ ഇന്നുമുതൽ



**കൊച്ചി:** സമുദ്ര വിഭവങ്ങളുടെ രുചിക്കൂട്ടുമായി ഇടപ്പള്ളി ലുലുമാളിലെ ലുലു ഹൈപ്പർമാർക്കറ്റിൽ സീ ഫുഡ് ഫെസ്റ്റിവലിന് ഇന്നുമുതൽ തുടക്കമാകും.

നൂറിലധികം കടൽമത്സ്യങ്ങളും 41ൽ ലധികം സമുദ്രവിഭവങ്ങളും മേളയുടെ ആകർഷണമാണ്. മത്സ്യ വിഭവങ്ങളുടെ വൈവിധ്യവുമായി സമുദ്ര സദ്യയും മേളയിലൊരുങ്ങും. സമുദ്രസദ്യ നേരിട്ടെത്തി വാങ്ങാം.

41ൽ പരം മത്സ്യ വിഭവങ്ങളുടെ പ്രത്യേക കൗണ്ടറുകളും സജ്ജീകരിച്ചിട്ടുണ്ട്. ലുലുവിലെ വിദഗ്ധരായ ഷെഫുമാരുടെ നേതൃത്വത്തിൽ സ്വാദിഷ്ടമായ രുചിക്കൂട്ടുകളിലാണ് സീ ഫുഡ് ഫെസ്റ്റിവൽ ഒരുങ്ങുന്നത്.

സീഫുഡ് ഫെസ്റ്റിന്റെ ഉദ്ഘാടനം വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം മുഹമ്മദ് ഹനീഷ് നിർവഹിക്കും. മരട് ഫോറം മാളിലെ ലുലു ഡെയിലിയിലും സീ ഫുഡ് ഫെസ്റ്റ് ഈ ദിവസങ്ങളിൽ നടക്കും.

## കൊച്ചിൻ ഷിപ്പ്‌യാർഡ് ലിമിറ്റഡിന്റെ ഗ്രാന്റ് നേടി നീയോക്സ് ഇക്കോ സൈക്കിൾ

**കൊച്ചി:** കെ.എസ്.യുഎമ്മിൽ ഇൻകുബേറ്റ് ചെയ്ത ഡീപ്ടെക് കാലാവസ്ഥാ സ്റ്റാർട്ടപ്പായ നീയോക്സ് ഇക്കോ സൈക്കിളിന്, കൊച്ചിൻ ഷിപ്പ്‌യാർഡ് ലിമിറ്റഡിന്റെ (സി.എസ്.എൽ) ഉഷസ്സ് മാരിടൈം ഇന്നൊവേഷൻ പദ്ധതിയുടെ 75 ലക്ഷം രൂപയുടെ പ്രോട്ടോടൈപ്പിംഗ് ഗ്രാന്റ് ലഭിച്ചു. കപ്പലുകളുടെ അടിത്തട്ട് തുരുമ്പെടുക്കാതിരിക്കാൻ പുരട്ടുന്ന വിഷരഹിത പദാർഥം വികസിപ്പിക്കുന്നതിനായാണ് ഈ ധനസഹായം ഉപയോഗിക്കുന്നത്. ഐ.ഐ. എം കോഴിക്കോട് കാമ്പസിൽ നടന്ന ചടങ്ങിൽ ഔദ്യോഗിക കരാർ ഒപ്പിടുകയും ചെക്ക് കൈമാറുകയും ചെയ്തു. ഐ.ഐ.എം കോഴിക്കോട് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. അശുതോഷ് സർക്കാർ, കൊച്ചിൻ ഷിപ്പ്‌യാർഡ് ലിമിറ്റഡ് ചീഫ് ജനറൽ മാനേജർ (ഡിസൈൻ) കെ. ആർ അഞ്ജന, സീനിയർ മാനേജർ എസ് കൃഷ്ണ പ്രസാദ്, ലൈവ് ഐ, ഐ. എം കോഴിക്കോട് സീനിയർ ജനറൽ മാനേജർ ലിജോ പി. ജോസ്, അസിസ്റ്റന്റ് മാനേജർ ഡോ. ജിയോ പി. ജോസ്, മാനേജർ പ്രോഗ്രാംസ് ആന്റ് പ്ലാറ്റ് ഫോംസ് ടിറ്റു എം. ജോൺ എന്നിവരുടെ സാന്നിധ്യത്തിലാണ് ചടങ്ങ് നടന്നത്.



കപ്പലിന്റെ അടിത്തട്ട് തുരുമ്പെടുക്കുന്നതിനെ പ്രതിരോധിക്കാൻ നിലവിൽ ഉപയോഗിക്കുന്ന വസ്തുക്കളിലെ വിഷാംശം പരിസ്ഥിതിയ്ക്ക് കോട്ടമുണ്ടാക്കുന്നതാണ്. പുതിയ കോട്ടിംഗ് വഴി കപ്പലുകളുടെ ഇന്ധനക്ഷമത വർദ്ധിപ്പിക്കാനും കാർബൺ ഡൈഓക്സൈഡ് പുറന്തള്ളൽ കുറയ്ക്കാനും സമുദ്ര ആവാസവ്യവസ്ഥയെ സംരക്ഷിക്കാനും സാധിക്കുമെന്ന് നിയോക്സിന്റെ സ്ഥാപകനും സിഇഒ യുമായ അഖിൽ രാജ് പൊട്ടേക്കാട്ട് പറഞ്ഞു. ആഗോള തലത്തിൽ മാതൃകാപരമായ നേട്ടമാണിത്. കൊച്ചിൻ ഷിപ്പ്‌യാർഡുമായുള്ള സഹകരണം സുസ്ഥിരമായ കപ്പൽ നിർമ്മാണ മേഖലയിൽ കേരളത്തിന്റെ നേതൃപാടവത്തെയും പരിസ്ഥിതി സൗഹൃദമായ വ്യവസായങ്ങളും ആരോഗ്യകരമായ പൊതുസമൂഹങ്ങളും കെട്ടിപ്പടുക്കുന്നതിനുള്ള പ്രതിബദ്ധതയും ദൃശ്യമാക്കുന്നു. കാർബൺനെഗറ്റീവ് കോട്ടിംഗ് സാങ്കേതികവിദ്യ വാണിജ്യവൽക്കരിക്കാനാണ് നിയോക്സ് ലക്ഷ്യമിടുന്നത്. ഇതിലൂടെ മറൈൻ ടെക് നവീകരണത്തിൽ കേരളവും ഇന്ത്യയും ആഗോള നേതൃനിരയിലേക്കെത്തുമെന്നും അദ്ദേഹം പറഞ്ഞു.

കേരള സ്റ്റാർട്ടപ്പ് മിഷന്റെ അംഗീകാരവും കോഴിക്കോട് എൻ.ഐ. ടി. ടി. ബി. ഐ, ലൈവ് ഐ. ഐ. എം കോഴിക്കോട് എന്നിവയുടെ പിന്തുണയും നീയോക്സ് ഇക്കോ സൈക്കിളിനുണ്ട്. കാലാവസ്ഥാ പ്രവർത്തനം, പൊതുജനാരോഗ്യ നവീകരണം, സുസ്ഥിര വ്യാവസായിക പരിവർത്തനം എന്നിവയിൽ മുൻനിരയിലാണ് നിയോക്സ്. സഹസ്ഥാപകയും വൈസ് പ്രസിഡന്റുമായ ഹേമലത രാമചന്ദ്രൻ (കെൽട്രോണിന്റെ മുൻ മാനേജിങ് ഡയറക്ടർ), സഹസ്ഥാപകനും സിടി ഒയുമായ ഡോ. വി. സജിത് (എൻ.ഐ.ടി കോഴിക്കോട് മെറ്റീരിയൽ സയൻസ് എഞ്ചിനീയറിംഗ് വകുപ്പിലെ പ്രൊഫസറും മേധാവിയും), സഹസ്ഥാപകയും സി.ഒ.ഒയുമായ ഏകതാ വി (എൻ.ഐ.ടി കോഴിക്കോട് റിസർച്ച് സ്കോളർ) എന്നിവരടങ്ങുന്നതാണ് നിയോക്സ് ഇക്കോ സൈക്കിൾ നേതൃ നിര.

# കെ.ആർ നാരായണൻ ഭരണഘടനാ മൂല്യങ്ങൾ ഉയർത്തിയ പ്രതിഭ : രാഷ്ട്രപതി

## മുൻ രാഷ്ട്രപതി കെ.ആർ നാരായണന്റെ പ്രതിമ രാജ്ഭവനിൽ അനാച്ഛാദനം ചെയ്തു



**തിരുവനന്തപുരം:** ഇന്ത്യയുടെ പത്താമത് രാഷ്ട്രപതിയായിരുന്ന കെ. ആർ നാരായണൻ ഭരണഘടനാ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച വ്യക്തിത്വവും ലാളിത്യത്തിന്റെ പ്രതീകവും ആയിരുന്നെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു പറഞ്ഞു. പ്രമുഖ രാഷ്ട്രതന്ത്രജ്ഞനും, നയതന്ത്രജ്ഞനുമായിരുന്ന അദ്ദേഹത്തിന്റെ ജീവിതം സമത്വം, സത്യസന്ധത, പൊതുസേവനം എന്നീ മൂല്യങ്ങൾ മുറുകെപ്പിടിക്കാൻ എല്ലാവർക്കും പ്രചോദനമാണെന്നും രാഷ്ട്രപതി പറഞ്ഞു. രാജ്ഭവനിൽ സ്ഥാപിച്ച മുൻ രാഷ്ട്രപതി കെ.ആർ. നാരായണന്റെ പ്രതിമ അനാച്ഛാദനം ചെയ്ത് സംസാരിക്കുകയായിരുന്നു രാഷ്ട്രപതി.

വിദ്യാഭ്യാസത്തിനും സാമൂഹ്യനീതിക്കും വേണ്ടി കെ.ആർ നാരായണൻ നടത്തിയ പരിശ്രമങ്ങൾ എന്നും ഓർമ്മിക്കപ്പെടേണ്ടതാണ്. അചഞ്ചലമായ സമർപ്പണത്തിലൂടെയും വിദ്യാഭ്യാസത്തിന്റെ ശക്തിയിലൂടെയുമാണ് കെ.ആർ നാരായണൻ രാജ്യത്തെ ഏറ്റവും ഉയർന്ന ഭരണഘടനാ പദവിയിൽ എത്തിയത്. ഇന്ത്യൻ വിദേശകാര്യ സർവീസിലെ ഔദ്യോഗിക ജീവിതത്തിലും സമാധാനം, നീതി, സഹകരണം എന്നീ ആശയങ്ങളാണ് കെ.ആർ നാരായണൻ ഇന്ത്യയ്ക്ക് വേണ്ടി ലോകത്തിന് മുന്നിൽ അവതരിപ്പിച്ചത്. രാജ്യത്തിന്റെയും മനുഷ്യന്റെയും വികസനത്തിൽ വിദ്യാഭ്യാസത്തിനുള്ള പങ്കിന് അദ്ദേഹം ഊന്നൽ നൽകി. സാധാരണ ജനങ്ങളുടെ ജീവിതം ഉയർത്തുന്നതിനായി പ്രവർത്തിച്ച അദ്ദേഹം ഭാവി തലമുറകൾക്ക് പ്രചോദനമാകുന്ന നേതൃഗുണങ്ങളുടെ പ്രതീകമാണ്. ധാർമികത, സത്യസന്ധത, അനുകമ്പ, ജനാധിപത്യപരമായ മനോഭാവം എന്നിവ അദ്ദേഹം എന്നും ഉയർത്തിപ്പിടിച്ചു. അദ്ദേഹത്തിന്റെ മൂല്യങ്ങളും ജീവിതസന്ദേശവും രാജ്യത്തിന്റെ പുരോഗതിയിലേക്കുള്ള പാതയിൽ എന്നും മാർഗദീപമാകും. രാജ്ഭവനിൽ കെ.ആർ നാരായണന്റെ പ്രതിമ സ്ഥാപിക്കുന്നതിലൂടെ രാജ്യത്തിന്റെ സ്നേഹാദരവ് അദ്ദേഹത്തിന് നൽകുകയാണെന്ന് രാഷ്ട്രപതി പറഞ്ഞു.
മുൻ രാഷ്ട്രപതിമാരുടെ ഓർമ്മ നിലനിർത്തുന്നതിനുള്ള ഈ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നതിന് നേതൃത്വം നൽകിയ മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദിന് രാഷ്ട്രപതി നന്ദി അറിയിച്ചു. കെ.ആർ. നാരായണന്റെ പ്രതിമ അനാച്ഛാദനം ചെയ്യാൻ കഴിഞ്ഞതിൽ അഭിമാനമുണ്ടെന്നും രാഷ്ട്രപതി പറഞ്ഞു.

ചടങ്ങിൽ മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദ്, ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ, ബീഹാർ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ എന്നിവർ സംസാരിച്ചു. ഗവർണറുടെ പത്നി അനഘ അർലേക്കർ, മന്ത്രിമാരായ വി. ശിവൻകുട്ടി, ജി.ആർ അനിൽ, വി.എൻ വാസവൻ, പി. പ്രസാദ്, രാമചന്ദ്രൻ കടന്നപ്പള്ളി, സ്പീക്കർ എ.എൻ ഷംസീർ, മേയർ ആര്യ രാജേന്ദ്രൻ, എംപിമാരായ ശശി തരൂർ, അടൂർ പ്രകാശ്, ആന്റണി രാജു എം.എൽ.എ, സംസ്ഥാന പൊലീസ് മേധാവി റവാഡ ചന്ദ്രശേഖർ, രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക മേഖലയിലെ വിശിഷ്ട വ്യക്തികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

രാജ്ഭവനിൽ അതിഥി മന്ദിരത്തോടു ചേർന്നുള്ള സ്ഥലത്താണ് കെ.ആർ നാരായണന്റെ മൂന്നടി ഉയരമുള്ള അർദ്ധകായ പ്രതിമ സ്ഥാപിച്ചിരിക്കുന്നത്. പൊതുമരാമത്ത് വകുപ്പിനായിരുന്നു നിർമാണച്ചുമതല. ഫൈൻ ആർട്സ് കോളജ് പ്രിൻസിപ്പൽ പ്രൊഫ. ഇ.കെ നാരായണൻ കുട്ടിയുടെ മേൽനോട്ടത്തിൽ ശിൽപ്പി സിജോയാണ് പ്രതിമയുടെ രൂപകൽപ്പന.

# മൃഗസംരക്ഷണ, ക്ഷീരവികസനമേഖല നയരേഖ അവതരിപ്പിച്ചു

**തിരുവനന്തപുരം:** അടുത്ത അഞ്ചു വർഷക്കാലത്തേക്ക് മൃഗസംരക്ഷണ, ക്ഷീരവികസന മേഖലകളിൽ കേരളം കൈവരിക്കേണ്ട നേട്ടങ്ങളുടെ നയരേഖ അവതരിപ്പിച്ച് മന്ത്രി ജെ .ചിഞ്ചുറാണി. മൃഗസംരക്ഷണക്ഷീരവികസനവകുപ്പിന്റെ സംസ്ഥാനതല സെമിനാർ സമാപനത്തിലാണ് ചർച്ചകൾ ക്രോഡീകരിച്ചുള്ള രേഖ അവതരിപ്പിച്ചത്.

കാർഷികമേഖലയ്ക്ക് നൽകുന്ന പരിഗണന മൃഗസംരക്ഷണ ക്ഷീരവികസനമേഖലയ്ക്കും ലഭ്യമാക്കണം. മേഖലയിലെ സ്വകാര്യസഹകരണ സംഘങ്ങളെ ബന്ധിപ്പിച്ചുള്ള പ്രവർത്തനങ്ങൾ നടപ്പാക്കും. ശാസ്ത്രീയ ആധുനിക അറവുശാല നിർമ്മിക്കും, ലൈസൻസ് നൽകി സംഘടിതമാക്കും. അനധികൃത അറവുശാലകൾ അനുവദിക്കില്ലെന്നും മന്ത്രി വ്യക്തമാക്കി. മൃഗസംരക്ഷണക്ഷീരവികസനമേഖലയിലെ നൈപുണ്യവികസനത്തിന് കൂടുതൽ പ്രാധാന്യം നൽകും. ഉൽപ്പന്നങ്ങൾക്ക് ഗുണനിലവാര സർട്ടിഫിക്കേഷൻ ഉറപ്പാക്കും. കർഷകർക്കും സംരംഭങ്ങൾക്കും ഇ-മാർക്കറ്റിംഗ് പ്ലാറ്റ്ഫോം അവതരിപ്പിക്കും. മുട്ടഗ്രാമം പദ്ധതി വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കും. ഉൽപാദന ക്ഷമത കൂടിയ ഉരുക്കളെ വാങ്ങാൻ പദ്ധതികൾ രൂപീകരിക്കും. തൊഴിലുറപ്പ് തൊഴിലാളികളെപോലെ ക്ഷീരകർഷകരെ പരിഗണിക്കുന്നതിനു കേന്ദ്രസർക്കാരിനെ സമീപിച്ചിട്ടുണ്ട്. അനുകൂല തീരുമാനം ഉണ്ടായാൽ കൂടുതൽ പ്രയോജനപ്പെടും.

## കൊച്ചി മെട്രോ രണ്ടാം ഘട്ടം: സ്ഥലമെടുപ്പ് നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കണം ജില്ലാ കളക്ടർ

**കൊച്ചി:** മെട്രോയുടെ രണ്ടാം ഘട്ട വികസത്തിന്റെ ഭാഗമായുള്ള സ്ഥലമേറ്റെടുപ്പ് നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ ജില്ലാ കളക്ടർ ജി.പ്രിയങ്ക നിർദ്ദേശിച്ചു.

ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം മുതൽ കാക്കനാട് ഇൻഫോപാർക്ക് വരെയുള്ള കൊച്ചി മെട്രോയുടെ രണ്ടാം ഘട്ടത്തിലെ വിവിധ സ്റ്റേഷനുകൾക്ക് ആവശ്യമായ സ്ഥലമേറ്റെടുപ്പ് നടപടികളുടെ പുരോഗതി വിലയിരുത്താൻ വിളിച്ചുചേർത്ത യോഗത്തിലാണ് ജില്ലാ കളക്ടർ ഈ നിർദ്ദേശം നൽകിയത്. ചെമ്പുമുക്ക്, പടമുകൾ സ്റ്റേഷനുകൾക്ക് വേണ്ടിയുള്ള സ്ഥലമേറ്റെടുപ്പ് നടപടികൾക്ക് സമയക്രമം നിശ്ചയിച്ച് പൂർത്തിയാക്കണം. ചിലവന്നൂർ, ഇടപ്പള്ളി കനാലുകളുടെ നവീകരണത്തിന്റെ ഭാഗമായി പുറമ്പോക്ക് കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും കളക്ടർ യോഗത്തിൽ നിർദ്ദേശം നൽകി. മൂലേപ്പാടം, പുറവങ്കര, പൈപ്പ് ലൈൻ, കതൃക്കടവ്, ബി.ടി.എസ് റോഡ് എന്നിവിടങ്ങളിലെ മലിനജല ശുദ്ധീകരണ പ്ലാന്റുകൾക്ക് വേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികളും സമയബന്ധിതമായി പൂർത്തിയാക്കാനും ജില്ലാ കളക്ടർ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

കാക്കനാട് കളക്ട്രേറ്റിൽ ചേർന്ന യോഗത്തിൽ കൊച്ചി മെട്രോ ലിമിറ്റഡിലേയും സർവേ, റവന്യൂ തുടങ്ങിയ വകുപ്പുകളിലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പങ്കെടുത്തു.

## കെയർ ടേക്കർ, സെക്യൂരിറ്റി നിയമനം

**കൊച്ചി:** പട്ടിക വർഗ്ഗ വികസന വകുപ്പിന് കീഴിൽ എറണാകുളം ഫോർഷോർ റോഡിൽ പ്രവർത്തിച്ച് വരുന്ന ട്രൈബൽ കോംപ്ലക്സിലേക്ക് എം.ബി.എ/ബി.ബി.എ യോഗ്യതയുള്ള കെയർ ടേക്കർ(ഓഫീസ് മാനേജർ), രണ്ട് സെക്യൂരിറ്റി ജീവനക്കാരൻ (എക്സ് സർവീസ്മെൻ) തുടങ്ങി നിലവിലുള്ള ഒഴിവുകളിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് യുവതീയുവാക്കളിൽ നിന്നും അപേക്ഷ ക്ഷണിച്ചു

അപേക്ഷ ജാതി പ്രായം യോഗ്യതകൾ എന്നിവ തെളിയിക്കുന്നതിനുള്ള രേഖകളുടെ പകർപ്പുകൾ സഹിതം ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ്, മിനി സിവിൽ സ്റ്റേഷൻ, മുവാറ്റുപുഴ എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. ഒക്ടോബർ 25 വൈകിട്ട് 5 വരെ അപേക്ഷ സമർപ്പിക്കാം. ഫോൺ 0485-2970337

## എളങ്കുന്നപ്പുഴ സ്കൂളിൽ വർണക്കൂടാരം; സ്ട്രീം ഇക്കോ സിസ്റ്റം പദ്ധതികൾക്ക് തുടക്കമായി

**കൊച്ചി:** എളങ്കുന്നപ്പുഴ ഗവ. ന്യൂ എൽ.പി സ്കൂളിൽ വർണക്കൂടാരം പദ്ധതിക്കും ഹയർ സെക്കൻഡറി സ്കൂളിൽ സ്ട്രീം ഇക്കോ സിസ്റ്റം പദ്ധതിക്കും തുടക്കമായി. സ്കൂൾ അങ്കണത്തിൽ നടന്ന ചടങ്ങിൽ കെ.എൻ ഉണ്ണിക്കൃഷ്ണൻ എം.എൽ.എ ഉദ്ഘാടനം നിർവഹിച്ചു. കുട്ടികളുടെ ശാരീരിക മാനസിക വികാസത്തിന് വേണ്ട ഘടകങ്ങളെല്ലാം ഉൾക്കൊള്ളിച്ചാണ് വർണക്കൂടാരം തയാറാക്കിയിട്ടുള്ളത്. കുട്ടികളുടെ വികാസ മേഖലകളിൽ കഴിവ് ഉറപ്പാക്കാൻ പര്യാപ്തമായ 13 പ്രവർത്തന ഇടങ്ങളാണ് വർണക്കൂടാരം പദ്ധതിയിലുള്ളത്. ഉന്നത വിദ്യാഭ്യാസ മേഖലയുടെ സഹകരണത്തോടെ പൊതു വിദ്യാഭ്യാസ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾക്ക് അടിത്തറ പാകുന്ന പദ്ധതിയാണ് സ്ട്രീം ഇക്കോസിസ്റ്റം. സമഗ്രശിക്ഷ കേരളം തന്നെയാണ് ഉന്നതവിദ്യാഭ്യാസ രംഗത്തെ മികച്ച സ്ഥാപനമായ കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവകലാശാലയുമായി ചേർന്ന് ഈ പദ്ധതി നടപ്പിലാക്കുന്നത്. പാർലമെന്റ് അഫയേഴ്സിൽ മികവു കാട്ടിയ പ്ലസ് ടു വിദ്യാർത്ഥിനി ടാൽ ആന്റണിയെ ചടങ്ങിൽ ആദരിച്ചു. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ആർ. രസികല അധ്യക്ഷയായ പരിപാടിയിൽ ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സരിത സനൽ മുഖ്യാതിഥിയായി. വർണക്കൂടാരം ശിൽപ്പികളെ ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷൻ കെ.ജെ ഡോണോ മാസ്റ്റർ ആദരിച്ചു. ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ.എം സിനോജ് കുമാർ, ബ്ലോക്ക് അംഗം ജോസി വൈപ്പിൻ, ഗ്രാമ പഞ്ചായത്ത് അംഗങ്ങളായ തെരേസ വോൾഗ, റസിയ ജമാൽ, അഡ്വ. ലിഗീഷ് സേവ്യർ, മേരി പീറ്റർ, സർവ്വ ശിക്ഷാ കേരള ജില്ലാ പ്രോഗ്രാം ഓഫീസർ വി.ജി ജോളി, വൈപ്പിൻ എ.ഇ.ഒ എസ്.എ ഷൈനമോൾ, ബ്ലോക്ക് പ്രോഗ്രാം കോർഡിനേറ്റർ പ്രീത കമ്മത്ത്, ഗ്രാമപഞ്ചായത്ത് സെക്രട്ടറി എം.എ ആന്റണി,അധ്യാപകർ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## മനം നിറച്ച് ഭിന്നശേഷി കലോത്സവം

**കൊച്ചി:** ഭിന്നശേഷി കുട്ടികൾക്ക് അവരുടെ കഴിവുകൾ പ്രകടിപ്പിക്കാൻ വേദിയൊരുക്കി ആലങ്ങാട് ഗ്രാമപഞ്ചായത്തിൽ ' വർണ്ണപ്പകിട്ട് 2025 ' ഭിന്നശേഷി കലോത്സവം സംഘടിപ്പിച്ചു. ആലങ്ങാട് കരിങ്ങാതുരുത്ത് എൻ.എസ്.എസ് ഹാളിൽ നടന്ന ചടങ്ങ് ആലങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രമ്യ തോമസ് ഉദ്ഘാടനം ചെയ്തു. പഞ്ചായത്തിലെ നൂറോളം കുട്ടികളാണ് വിവിധ കലാ കായിക മത്സരങ്ങളിൽ മാറ്റുരച്ചത്. ഭിന്നശേഷി കുട്ടികളുടെ സംഗമ വേദി കൂടിയായി കലോത്സവം മാറി. ഫാൻസി ഡ്രസ്സ്, നൃത്ത സംഗീത മത്സരങ്ങൾ എന്നിവ കാണികളുടെ കയ്യടി നേടി.



# ആയുഷ് രംഗത്ത് ഏറ്റവും അധികം വികസനം നടന്ന കാലഘട്ടം: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** ആയുഷ് രംഗത്ത് ഏറ്റവും അധികം വികസനം നടന്ന കാലഘട്ടമാണ് ഇതെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ആയുഷ് രംഗത്തെ വലിയ മാറ്റത്തിനായി കൂട്ടായ പരിശ്രമം നടത്തി. പുതിയ തസ്തികകൾ, പുതിയ പ്രോജക്ടുകൾ അങ്ങനെ വലിയ വികസനം നടത്താനായി. ആയുഷ് മിഷൻ വഴി മുമ്പ് 23 കോടിയായിരുന്ന തുക ഇപ്പോളത് 210 കോടിയിലേക്ക് വർധിപ്പിക്കാനായി. പുതിയ ആശുപത്രികൾ സാധ്യമാക്കാനായി. വെൽനസിനും ചികിത്സയ്ക്കും പ്രാധാന്യം നൽകി. 14 ജില്ലകളിലും അടിസ്ഥാന സൗകര്യ വികസനത്തിന് പ്രാധാന്യം നൽകിയെന്നും മന്ത്രി വ്യക്തമാക്കി. സംസ്ഥാനത്തുടനീളം ആരംഭിച്ച 46 ഫിസിയോതെറാപ്പി യൂണിറ്റുകളുടെ സംസ്ഥാനതല ഉദ്ഘാടനം കിഴക്കേക്കോട് ജില്ലാ ഹോമിയോ ആശുപത്രിയിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

ഗവേഷണ രംഗത്ത് വലിയ പ്രാധാന്യം നൽകി. ജനുവരിയിൽ ആയുർവേദ ഗവേഷണ കേന്ദ്രത്തിന്റെ ആദ്യഘട്ടം പ്രവർത്തനസജ്ജമാക്കാൻ കഴിയും. ആയുഷ് സ്ഥാപനങ്ങളിൽ മുമ്പ് സ്റ്റാന്റൈഡൈസേഷൻ ഉണ്ടായിരുന്നില്ല. 250 ആയുഷ് ചികിത്സാ കേന്ദ്രങ്ങൾക്ക് ദേശീയ ഗുണനിലവാര അംഗീകരമായ എൻ.എ.ബി.എച്ച് അംഗീകാരം ലഭ്യമാക്കാനായി. അടുത്ത 250 സ്ഥാപനങ്ങൾ എൻ.എ.ബി.എച്ച് നിലവാരത്തിലേക്ക് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 10,000 ആയുഷ് യോഗ ക്ലബ്ബുകൾ സ്ഥാപിച്ചു.

2 കോടി രൂപ ചെലവിലാണ് ഫിസിയോതെറാപ്പി യൂണിറ്റുകൾ സജ്ജീകരിച്ചിരിക്കുന്നത്. ഭാരതീയ ചികിത്സാ വകുപ്പിന്റെ 25 ആശുപത്രികളിലും ഹോമിയോപ്പതി വകുപ്പിന്റെ 21 ആശുപത്രികളിലുമാണ് പുതുതായി ഫിസിയോതെറാപ്പി യൂണിറ്റുകൾ പ്രവർത്തനം ആരംഭിക്കുന്നത്. മികച്ച നിലവാരമുള്ള ഫിസിയോതെറാപ്പി ഉപകരണങ്ങൾക്കൊപ്പം ഫിസിയോതെറാപ്പിസ്റ്റ്, മൾട്ടിപർപ്പസ് വർക്കർ എന്നിവരുടെ സേവനവും ഓരോ യൂണിറ്റിലും ഉറപ്പാക്കും. ഇതോടെ സംസ്ഥാനത്തെ എല്ലാ സർക്കാർ ഹോമിയോപ്പതി ആശുപത്രികളിലും ഫിസിയോതെറാപ്പി യൂണിറ്റുകൾ പ്രവർത്തന സജ്ജമാകും. രോഗികൾക്ക് കൂടുതൽ ഗുണമേന്മയുള്ള സേവനം ഉറപ്പാക്കുക എന്ന സർക്കാരിന്റെ പ്രഖ്യാപിത നയത്തിന്റെ മറ്റൊരു സാക്ഷാത്ക്കാരം കൂടിയാണിത്.

നാഷണൽ ആയുഷ് മിഷൻ സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ. ഡി. സജിത്ത് ബാബു, ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ ഡോ. എം.പി ബീന, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഡോ. ടി.ഡി ശ്രീകുമാർ, ഹോമിയോപ്പതി മെഡിക്കൽ വിദ്യാഭ്യാസം പ്രിൻസിപ്പൽ ആന്റ് കൺട്രോളിങ് ഓഫീസർ ഡോ. ടി.കെ.. വിജയൻ, ഭാരതീയ ചികിത്സ വകുപ്പ് ജോ. ഡയറക്ടർ ഡോ. വി.പി ഷീജ, ഹോമിയോപ്പതി വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ഡോ. വി.കെ പ്രിയദർശിനി, നാഷണൽ ആയുഷ് മിഷൻ സ്റ്റേറ്റ് പ്രോഗ്രാം മാനേജർ ഡോ. ആർ. ജയനാരായണൻ, തിരുവനന്തപുരം ഹോമിയോപ്പതി ഡി.എം.ഒ പ്രിൻസി സെബാസ്റ്റ്യൻ, തിരുവനന്തപുരം ഐ.എസ്.എം ഡി.എം.ഒ മിനി എസ്.പൈ എന്നിവർ പങ്കെടുത്തു.

# അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയിൽ ചരിത്ര നേട്ടമാകാൻ കോട്ടയം മെഡിക്കൽ കോളേജ്

- സർക്കാർ ആശുപത്രിയിൽ ശ്വാസകോശം മാറ്റിവയ്ക്കുന്നത് ആദ്യമായി
- അനീഷിന്റെ ഹൃദയം ഉൾപ്പെടെ 9 അവയവങ്ങൾ ദാനം ചെയ്തു

**തിരുവനന്തപുരം:** അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയിൽ ചരിത്ര നേട്ടമാകാൻ കോട്ടയം സർക്കാർ മെഡിക്കൽ കോളേജ്. ഇന്ത്യയിൽ ആദ്യമായി ഒറ്റ ദിവസം ഹൃദയം, ശ്വാസകോശം, വൃക്ക എന്നിങ്ങനെ 3 പ്രധാന അവയവങ്ങൾ മാറ്റിവയ്ക്കുന്ന സർക്കാർ ആശുപത്രിയാകാനാണ് കോട്ടയം മെഡിക്കൽ കോളേജ് ഒരുങ്ങുന്നത്. സർക്കാർ ആശുപത്രിയിൽ ശ്വാസകോശം മാറ്റിവയ്ക്കുന്നതും ആദ്യമായാണ്. പതിനൊന്നാമത്തെ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും കൂടിയാണ് കോട്ടയം മെഡിക്കൽ കോളേജിൽ നടക്കുന്നത്. കോട്ടയം മെഡിക്കൽ കോളേജിൽ മസ്തിഷ്ക മരണം സംഭവിച്ച തിരുവനന്തപുരം പൂഴനാട് കാവിൻപുറത്ത് വീട്ടിൽ എ.ആർ അനീഷിന്റെ (38) അവയവങ്ങളാണ് ദാനം ചെയ്തത്. തീവ്രദുഃഖത്തിലും അവയവം ദാനം ചെയ്യാൻ സന്നദ്ധരായ ബന്ധുക്കളെ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നന്ദി അറിയിക്കുകയും ആദരാഞ്ജലി അർപ്പിക്കുകയും ചെയ്തു.

പൂജപ്പുര സെൻട്രൽ ജയിലിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസറായ എ.ആർ അനീഷിന്റെ ഹൃദയം ഉൾപ്പടെ ഒൻപത് അവയവങ്ങളാണ് ദാനം ചെയ്യുന്നത്. ഹൃദയം, ശ്വാസകോശം, രണ്ട് വൃക്ക, പാൻക്രിയാസ്, കരൾ, കൈ, രണ്ട് നേത്രപടലം എന്നീ അവയവങ്ങളാണ് ദാനം ചെയ്തത്. ഒരു വൃക്കയും ഹൃദയവും ശ്വാസകോശവും രണ്ട് നേത്രപടലങ്ങളും കോട്ടയം മെഡിക്കൽ കോളേജിലേക്കും ഒരു വൃക്കയും പാൻക്രിയാസും കൈയും കൊച്ചി അമൃത ആശുപത്രിയിലേക്കും കരൾ കോട്ടയം കാരിത്താസ് ആശുപത്രിയിലെ രോഗികൾക്കുമാണ് നൽകിയത്. കെസോട്ടോയുടെ നേതൃത്വത്തിലാണ് അവയവ കൈമാറ്റ നടപടിക്രമങ്ങളും ഏകോപനവും നടന്നത്.



അനീഷ്

ഒക്ടോബർ 17ന് ശബരിമലയിൽ ദർശനം കഴിഞ്ഞ് അനീഷ് തിരിച്ചുവരുമ്പോൾ രാത്രി 8.30 മണിയോടെ പമ്പയിൽ വച്ച് തലയിടിച്ച് വീഴുകയും ഗുരുതരമായി പരിക്കേൽകുകയും ചെയ്തു. ഉടൻ തന്നെ പത്തനംതിട്ടയിലെ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും തുടർന്ന് കോട്ടയം മെഡിക്കൽ കോളേജിൽ പ്രവേശിപ്പിക്കുകയായിരുന്നു. ഒക്ടോബർ 22ന് അനീഷിന് മസ്തിഷ്ക മരണം സ്ഥിരീകരിച്ചതിനെ തുടർന്ന് കുടുംബാംഗങ്ങൾ അവയവദാനത്തിന് സന്നദ്ധരാവുകയായിരുന്നു. അമ്മ അംബിക കുമാരി, എ.ആർ ലക്ഷ്മി, എ.ആർ അഞ്ജു എന്നിവരാണ് സഹോദരികൾ.

## ക്രഷ് വർക്കർ നിയമനം

**കൊച്ചി:** പാമ്പാക്കുട ഐ.സി.ഡി.എസ് പ്രോജക്ടിന്റെ പരിധിയിൽ പ്രവർത്തിക്കുന്നു രാമമംഗലം പഞ്ചായത്തിലെ കോരങ്കടവ് അങ്കണവാടിയിൽ പൽന സ്കീമിന്റെ ഭാഗമായി ആരംഭിക്കുന്ന ക്രഷിലേക്ക് വർക്കർ തസ്തികയിൽ നിയമനം നടത്തുന്നതിന് പഞ്ചായത്തിൽ

സ്ഥിര താമസക്കാരായ വനിതകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. പ്ലസ് ടു പാസായിരിക്കണം. 35 വയസിന് താഴെയുള്ളവർക്ക് അപേക്ഷിക്കാം.

പുരിപ്പിച്ച അപേക്ഷകൾ വിദ്യാഭ്യാസം, പ്രായം, ജാതി,മതം താമസം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം ഒക്ടോബർ 30ന് ഉച്ചക്ക് 2 വരെ നേരിട്ടോ തപാൽ മാർഗമോ പാമ്പാക്കുട ശിശുവികസന പദ്ധതി ഓഫീസറുടെ കാര്യാലയത്തിൽ എത്തിക്കേണ്ടതാണ്.

വിലാസം ശിശുവികസന പദ്ധതി ഓഫീസർ, ശിശുവികസന പദ്ധതി ഓഫീസ്, പാമ്പാക്കുട, അഞ്ചൽപ്പെട്ടി.പി.ഒ, പിൻ 686667ഫോൺ : 0485 2274404

## കാർ ലേലം

**കൊച്ചി:** എറണാകുളം ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിലെ KL 07 BQ 5433 നമ്പർ 2011 മോഡൽ മഹിന്ദ്ര ലോഗൻ കാർ ഒക്ടോബർ 31 ഉച്ചയ്ക്ക് 2 ന് ഓഫീസിൽ വെച്ച് ലേലം ചെയ്യുന്നു. ഫോൺ: 0484-2422221

## സൗജന്യ കമ്പ്യൂട്ടർ കോഴ്സ് പരിശീലനം

**കൊച്ചി:** പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ ആലുവ സബ് ജയിൽ റോഡിൽ പ്രവർത്തിക്കുന്ന ഗവ.പ്രീ എക്സാമിനേഷൻ ട്രെയിനിങ് സെന്ററിൽ എറണാകുളം, കോട്ടയം, ഇടുക്കി, ആലപ്പുഴ ജില്ലകളിലുള്ള പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മൂന്നുമാസം ദൈർഘ്യമുള്ള ഡാറ്റ എൻട്രി, ഡി.റ്റി.പി എന്നീ കമ്പ്യൂട്ടർ കോഴ്സുകളുടെ സൗജന്യ പരിശീലനം നൽകുന്നു. നവംബർ 18 രാവിലെ 10 ന് ആരംഭിക്കുന്ന കോഴ്സിന് 18നും 25നും ഇടയിൽ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. അടിസ്ഥാനയോഗ്യത പത്താം ക്ലാസ്. ഡി.റ്റി.പി കോഴ്സിന് ഡാറ്റ എൻട്രിയോ ഇംഗ്ലീഷ് ടൈപ്പ് റൈറ്റിംഗ് ലോവറോ, തത്തുല്യ യോഗ്യതയോ ഉണ്ടായിരിക്കണം.

പരിശീലനത്തിന് തെരഞ്ഞെടുക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികൾക്ക് നിയമാനുസൃതം സ്റ്റൈപെൻഡ് ലഭിക്കുന്നതാണ്.

ക്ലാസ്സിൽ ചേരാൻ താൽര്യമുള്ളവർ ഫോട്ടോ, ജാതി ,വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം നവംബർ 17 വൈകീട്ട് 4.30ന് മുൻപ് ഓഫീസിൽ നേരിട്ട് എത്തി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

അപേക്ഷ ഫോറത്തിന്റെ മാതൃക ബന്ധപ്പെട്ട ജില്ല പട്ടികജാതി വികസന ഓഫീസുകളിലും ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകളിലും ആലുവ ഗവ പ്രീ എക്സാമിനേഷൻ ട്രെയിനിങ് സെന്ററിലും ലഭ്യമാണ്. ഫോൺ: 0484-2623304

## ദുരന്ത നിവാരണ പരിശീലനം

**കൊച്ചി:** ജില്ലാ മേരാ യുവ ഭാരത് (നെഹ്റു യുവകേന്ദ്ര) ഓഫീസിന്റെ ആഭിമുഖ്യത്തിൽ പ്രകൃതി ദുരന്തങ്ങളിലും അടിയന്തര സാഹചര്യങ്ങളിലും പ്രവർത്തിക്കുന്നതിന് യുവ ആപ്ദ മിത്ര ടീമിനെ തയ്യാറാക്കുന്നതിന് യുവതീയുവാക്കളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ഒരാഴ്ചത്തെ സൗജന്യ പരിശീലനം ലഭിക്കും. പ്രായപരിധി 18 40നും മധ്യേ. ആർട്ട്സ് ആന്റ് സ്പോർട്ട് ക്ലബ് അംഗങ്ങൾ, മേരാ യുവ ഭാരത്. എൻ.വൈ.കെ.എസ്,

എൻ.എസ്.എസ്. എൻ.സി.സി, റെഡ്ക്രോസ്, സന്നദ്ധ സേന, ട്രോമ കെയർ വിഭാഗങ്ങളിലുള്ളവർക്ക് പങ്കെടുക്കാം. മുൻ വോളണ്ടിയർ, സ്പോർട്സ് താരങ്ങൾക്ക് മുൻഗണന. എമർജൻസി കിറ്റ്, യൂണിഫോം, ഐ.ഡി കാർഡ്, സർട്ടിഫിക്കറ്റ്, മൂന്ന് വർഷത്തേക്കുള്ള ഇൻഷുറൻസ് കവറേജ് എന്നിവ ലഭിക്കും. ഫോൺ: 8714508255

## ലേലം

**കൊച്ചി:** ജില്ലാ വിദ്യാഭ്യാസ ഓഫിസിന്റെ അധികാര പരിധിയിൽ വരുന്ന കലൂർ ടെക്സ്റ്റ് ബുക്ക് ഡിപ്പോയുടെ ജീർണാവസ്ഥയിലുള്ള കെട്ടിടം പൊളിച്ച് നീക്കുന്നതിന് ലേലം നടക്കുന്നു. കെട്ടിടം നേരിൽ പരിശോധിക്കാനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. ലേലത്തിൽ പങ്കെടുക്കുന്നതിനുള്ള നിരതദ്രവ്യമായ 5000 രൂപ നവംബർ അഞ്ചിന് രാവിലെ 11ന് ഓഫീസിൽ നൽകണം. ലേലം ഉറപ്പിക്കുന്നവർക്ക് നിബന്ധനകൾക്ക് വിധേയമായി കെട്ടിടം പൊളിച്ച് നീക്കം ചെയ്യാനുള്ള അനുമതി ഉത്തരവ് ഓഫീസിൽ ലഭിക്കും.

## സാനുമാഷിന്റെ 99ാം ജന്മദിനം

# മഹാരാജാസ് കോളേജിൽ വാഗർഥം പ്രഭാഷണ പരമ്പരക്ക് തുടക്കമാകുന്നു

**കൊച്ചി:** ദീർഘകാലം മഹാരാജാസ് കോളേജിലെ അധ്യാപകനും കേരളീയ സാഹിത്യ സാംസ്കാരിക മേഖലകളിലെ നിറസാന്നിധ്യവുമായിരുന്ന പ്രൊഫ. എം.കെ സാനുമാഷിന്റെ സ്മരണാർത്ഥം മഹാരാജാസ് കോളേജ് വാഗർഥം എന്ന പേരിൽ പ്രഭാഷണ പരമ്പരക്ക് തുടക്കം കുറിക്കുന്നു. സാനു മാഷിന്റെ 99ാം ജന്മദിനമായ ഒക്ടോബർ 27 ന് പ്രഭാഷണ പരമ്പര ആരംഭിക്കും. രാവിലെ പത്തിന് ജി. എൻ. ആർ ഹാളിൽ നടക്കുന്ന പരിപാടിയിൽ പൂർവ്വ വിദ്യാർത്ഥിയും സാനുമാഷിന്റെ ശിഷ്യനും കവിയും അധ്യാപകനും മാധ്യമപ്രവർത്തകനുമായ കെ. വി രാമകൃഷ്ണൻ പരിപാടി ഉദ്ഘാടനം ചെയ്യും.

സാഹിത്യ വിമർശനം : പ്രസക്തിയും വ്യാപ്തിയും എന്ന വിഷയത്തിൽ പൂർവ്വ വിദ്യാർത്ഥിയും സാനുമാഷിന്റെ ശിഷ്യനും സാഹിത്യകാരനും എഴുത്തച്ഛൻ പുരസ്കാര ജേതാവുമായ ഡോ. എസ്. കെ വസന്തൻ പ്രഥമ പ്രഭാഷണം നടത്തും.

കോളേജ് പ്രിൻസിപ്പാൾ ഇൻ ചാർജ് ഡോ. ജി. എൻ പ്രകാശ് അധ്യക്ഷനാകുന്ന ചടങ്ങിൽ ഗവേണിംഗ് ബോഡി ചെയർമാൻ ഡോ. കെ. എൻ കൃഷ്ണകുമാർ ആമുഖ പ്രഭാഷണം നടത്തും. ഗവേണിംഗ് ബോഡി അംഗം ഡോ. എം. എസ് മുരളി, സാനു മാഷിന്റ മകൻ എം. എസ് രഞ്ജിത്ത്, കോളേജ് അലുമിനി അസോസിയേഷൻ പ്രസിഡന്റ് ഡോ. ടി. വി സുജ , പി.ടി.എ വൈസ് പ്രസിഡന്റ് എൻ. വി. വാസു, കോളേജ് യൂണിയൻ ചെയർപേഴ്സൺ മുഹമ്മദ് അഫ്രീദ്, ഐക്യു എ. സി കോഡിനേറ്റർ ഡോ.പി.കെ ശ്രീകുമാർ തുടങ്ങിയവർ സംസാരിക്കും.

ജീവിതകാലമത്രയും എഴുത്തിലൂടെയും പ്രഭാഷണങ്ങളിലൂടെയും പ്രചോദനാത്മക സാംസ്കാരിക പ്രവർത്തനം നടത്തിയ സാനു മാഷ്, ജീവിതാവസാനം വരെ മഹാരാജാസ് കോളേജിനെ ഒരു വികാരമായി നെഞ്ചേറ്റുകയും പ്രതിസന്ധി ഘട്ടങ്ങളിലെല്ലാം കോളേജിന്റെ സംരക്ഷകനായി രംഗത്തു വരികയും ചെയ്ത വ്യക്തിത്വമായിരുന്നു. എം.കെ. സാനുവിന്റെ ഓർമ്മകൾക്ക് മുന്നിൽ പ്രണാമമർപ്പിച്ചുകൊണ്ടാണ് മഹാരാജാസ് കോളേജ് പ്രഭാഷണ പരമ്പര ആരംഭിക്കുന്നത്.

# കൊങ്ങോർപ്പിള്ളി ജി.എച്ച്.എസ്.എസ്സിൽ ഡയറി ക്ലബ് ആരംഭിച്ചു

**കൊച്ചി:** ജില്ലാ ക്ഷീര വികസന വകുപ്പിന്റെയും ആലങ്ങാട് ബ്ലോക്ക് ക്ഷീരവികസന യൂണിറ്റിന്റെയും ആഭിമുഖ്യത്തിൽ കൊങ്ങോർപ്പിള്ളി ജി.എച്ച്. എസ്.എസിലെ വിദ്യാർത്ഥികൾക്കായി ഡയറി ക്ലബ് ആരംഭിച്ചു. വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് ഉദ്ഘാടനം നിർവഹിച്ചു.

പരിപാടിയോടനുബന്ധിച്ച് ക്ഷീര മേഖലയെ കുറിച്ച് ഡയറി എക്സ്റ്റൻഷൻ ഓഫീസർ ജയിംസ് ജോസഫും ക്ഷീര വികസന വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ പാർവതി കൃഷ്ണദാസും ചേർന്ന് ക്ലാസ് നയിച്ചു. ക്ലബ് അംഗങ്ങൾക്കായി നടത്തിയ ഡയറി ക്വിസ്സിന് ഡയറി ഫാം ഇൻസ്ട്രക്ടർ സ്നേഹ ജോസഫ് നേതൃത്വം നൽകി.

ചടങ്ങിൽ ആലങ്ങാട് ബ്ലോക്ക് പ്രസിഡന്റ് രമ്യ തോമസ് അധ്യക്ഷയായി. ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ എം. ഷഫീന പദ്ധതി വിശദീകരണം നടത്തി. ക്ഷീര വികസന ഓഫീസർ സുജിത്ത് പി. രാഘവൻ ഡയറി ക്ലബിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

ആലങ്ങാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പി.എം മനാഫ്, ജില്ലാ പഞ്ചായത്ത് മെമ്പർ യേശുദാസ് പറപ്പിള്ളി, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് എം. ആർ രാധാകൃഷ്ണൻ, ബ്ലോക്ക് പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷരായ ജയശ്രീ ഗോപീകൃഷ്ണൻ, പി.എ അബൂബക്കർ, ബ്ലോക്ക് പഞ്ചായത്തംഗങ്ങളായ കെ.എസ് ഷഹാന, ട്രീസ മോളി, റാണി മത്തായി, പ്രിയ ഭരതൻ, ഹാൻസൺ മാത്യു, എം. അനിൽകുമാർ, സ്കൂൾ ഹെഡ്മാസ്റ്റർ ടി. എം രമേഷ്, പ്രിൻസിപ്പൽ എസ്.സുധ ,പി.ടി.എ പ്രസിഡന്റ് എം.എ ജയിംസ്, കൊങ്ങോർപ്പിള്ളി ക്ഷീരസംഘം പ്രസിഡന്റ് കെ.എം ഹനീഫ, സെക്രട്ടറി കെ.ടി സ്മിത എന്നിവർ സംസാരിച്ചു.

# കുമിൾരോഗം ബാധിച്ച് കോതമംഗലം താലൂക്കിൽ ഇഞ്ചികൃഷി നശിക്കുന്നു



**കോതമംഗലം:** കോതമംഗലം താലൂക്കിലെ വിവിധ സ്ഥലങ്ങളിൽ കുമിൾ രോഗംമൂലം ഇഞ്ചികൃഷി നശിക്കുന്നു. തീവ്ര വ്യാപന ശേഷിയുള്ളതും വായുവിൽക്കൂടി പകരുന്നതുമായ പൈറിക്കുലാറിയ കുമിൾ രോഗമാണ് ഇഞ്ചികൃഷിയെ ബാധിച്ചിരിക്കുന്നത്. താലൂക്കിൽ ഏക്കർ കണക്കിന് സ്ഥലത്തെ ഇഞ്ചി കൃഷിയാണ് മൊത്തമായി നശിച്ചിട്ടുള്ളത്. കോട്ടപ്പടി, വാരപ്പട്ടി, കവളങ്ങാട് പഞ്ചായത്തുകളിലാണ് രോഗവ്യാപനം ആദ്യം ശ്രദ്ധയിൽപ്പെട്ടത്.

പ്രദേശത്തെ കൃഷി ഉദ്യോഗസ്ഥരും കർഷകരും വിവരം അറിയിച്ചതിനെ തുടർന്ന് കൃഷി അസിസ്റ്റന്റ് ഡയറക്ടറിന്റെ നേതൃത്വത്തിലുള്ള സംഘം പ്രദേശം സന്ദർശിച്ചു. തുടർന്ന് ഓടക്കാലി കൃഷി വിജ്ഞാന കേന്ദ്രത്തിലെ ശാസ്ത്രജ്ഞരെ എത്തിച്ച് നടത്തിയ പഠനത്തിലാണ് പൈറിക്കുലാറിയ രോഗം ആണെന്ന് സ്ഥിരീകരിച്ചത്. ഇഞ്ചിയുടെ ഇലയിൽ പുള്ളിക്കുത്തുകളായാണ് രോഗം പ്രത്യക്ഷപ്പെടുന്നത്. പിന്നീട് അതിവേഗം തണ്ടിലേക്ക് വ്യാപിച്ച് കരിഞ്ഞ് അഴുകും. രോഗവ്യാപനം കണ്ടെത്തിയാൽ ഉടനടി മരുന്ന് പ്രയോഗം നടത്തണം. വൈകിയാൽ ഫലമുണ്ടാകില്ല. തുടക്കത്തിലെ മരുന്ന് ചെയ്യാൻ കഴിയാതിരുന്ന കൃഷികളാണ് നശിച്ചിട്ടുള്ളത്. പൈറിക്കുലാറിയ രോഗം നെല്ല്, ഗോതമ്പ് തുടങ്ങിയ മറ്റു പല വിളകളേയും ബാധിക്കാറുണ്ടെങ്കിലും ഇഞ്ചി കൃഷിയെ ഇത്ര വ്യാപകമായി പിടികൂടുന്നത് ശ്രദ്ധയിൽപ്പെടുന്നത് ആദ്യമായാണ്.

പ്രതിവിധിയായി പ്രോപ്പിക്കോണസോൾ ലിറ്ററിന് ഒരു എം.എൽ, ടെബുകോണസോൾ 1.5 എം.എൽ, കാർബൻഡാസിം രണ്ട് ഗ്രാം, സാഫ് രണ്ട് ഗ്രാം എന്നീമരുന്നുകൾ കൃത്യമായ അനുപാതത്തിൽ വെള്ളത്തിൽ കലർത്തി സ്പ്രേ ചെയ്യുവാനാണ് കൃഷിവകുപ്പ് അധികൃതർ നിർദേശിക്കുന്നത്.

ഇഞ്ചിവിത്ത് നടുന്നതിന് മുൻപ് കുമിൾനാശിനി ഉപയോഗിച്ച് പരിപാലനം നടത്തുന്നത് രോഗം വരാതിരിക്കാൻ സഹായകമാണ്. ഇതിനായി ഒരു ലിറ്റർ വെള്ളത്തിൽ രണ്ടു ഗ്രാം സാഫ് ചേർത്ത് ലായനി ഉപയോഗിക്കാവുന്നതാണ്. നടുമ്പോൾ നീർവാർച്ച ഉറപ്പാക്കണം. കൂടാതെ ട്രൈക്കോഡർമ ചേർത്ത് സമ്പുഷ്ടികരിച്ച ചാണകപ്പൊടി ഉപയോഗിക്കുന്നതും രോഗബാധ ഉണ്ടാകാതിരിക്കാൻ സഹായകമാണ്. ഇഞ്ചി നട്ട് നാലുമാസം കഴിയുമ്പോൾ രോഗ പ്രതിരോധത്തിനായി ഏതെങ്കിലും കമിൾനാശിനി ഉപയോഗിക്കുന്നതും രോഗ പ്രതിരോധത്തിന് സഹായിക്കുന്നു.

രോഗ ലക്ഷണം കാണുമ്പോൾ തന്നെ രോഗബാധയുള്ള ഭാഗങ്ങൾ നീക്കം ചെയ്ത ശേഷം ശേഷം കുമിൾനാശിനി പ്രയോഗം നടത്തേണ്ടത് വളരെ അത്യാവശ്യമാണെന്നും കൃഷി അസിസ്റ്റന്റ് ഡയറക്ടർ പറഞ്ഞു.

കോതമംഗലം താലൂക്കിലും സമീപ താലൂക്കുകളിലും വ്യാവസായികാവശ്യങ്ങൾക്കും, വീട്ടാവശ്യങ്ങൾക്കും നടത്തിയിട്ടുള്ള ഇഞ്ചികൃഷിയിൽ രോഗവ്യാപനം ഉണ്ടായിട്ടുള്ളതായാണ് അറിയുന്നത്.

## ഫിസിയോതെറാപ്പിസ്റ്റ്, മൾട്ടിപർപ്പസ് വർക്കർ നിയമനം

**കൊച്ചി:** ആയുഷ് വകുപ്പിനു കീഴിൽ ഫിസിയോതെറാപ്പിസ്റ്റ്, മൾട്ടിപർപ്പസ് വർക്കർ എന്നീ തസ്തികകളിലേക്ക് കരാർ അടിസ്ഥാനത്തിൽ താൽക്കാലിക നിയമനം നടത്തുന്നു. അംഗീകൃത സർവ്വകലാശാലയിൽ നിന്നും ഫിസിയോതെറാപ്പിയിൽ ബിരുദം അല്ലെങ്കിൽ ബിരുദാനന്തര ബിരുദമുള്ളവർക്കാണ് ഫിസിയോതെറാപ്പിസ്റ്റ് തസ്തികയിൽ അപേക്ഷിക്കാൻ കഴിയുക. മൾട്ടിപ്പർപ്പസ് വർക്കർ തസ്തികയിൽ ഫിസിയോതെറാപ്പി അസിസ്റ്റന്റ് അല്ലെങ്കിൽ എ.എൻ.എം നഴ്സിംഗ് സർട്ടിഫിക്കറ്റും, കമ്പ്യൂട്ടർ പരിജ്ഞാനവും ഉള്ള ഉദ്യോഗാർഥികൾക്ക് അപേക്ഷിക്കാം. ഫിസിയോതെറാപ്പിയിൽ പ്രവൃത്തിപരിചയം ഉള്ളവർക്ക് മുൻഗണന ലഭിയ്ക്കും.

അപേക്ഷർക്ക് 40 വയസ് കവിയരുത്. 30 രാവിലെ 9.30 ന് ഫിസിയോതെറാപ്പിസ്റ്റ് തസ്തികയിലേക്കും, 10ന് മൾട്ടിപ്പർപ്പസ് വർക്കർ തസ്തികയിലേക്കും കച്ചേരിപ്പടി ജില്ലാ ആയുർവേദ ആശുപത്രിയിൽ പ്രവർത്തിക്കുന്ന നാഷണൽ ആയുഷ് മിഷൻ ജില്ലാ പ്രോഗ്രാം മാനേജർ ഓഫീസിൽ അഭിമുഖം നടക്കും. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ വിദ്യാഭ്യാസ യോഗ്യത, വയസ്സ് ഇവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സലും, സ്വയം സാക്ഷ്യപെടുത്തിയ കോപ്പിയും, ആധാർ കാർഡും, പാസ്പോർട്ട് സൈസ് ഫോട്ടോയും സഹിതം ഹാജരാകേണ്ടതാണ്.

## സെക്യൂരിറ്റി സർജന്റ് നിയമനം

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളജ് ആശുപത്രിയിലേക്ക് സെക്യൂരിറ്റി സർജന്റ് തസ്തികയിലേക്ക് ദിവസവേതടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. താൽപര്യമുള്ളവർ വയസ്സ്, യോഗ്യത എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും പകർപ്പും സഹിതം എറണാകുളം മെഡിക്കൽ കോളേജിലെ മെഡിക്കൽ സൂപ്രണ്ട് ഓഫീസിന് സമീപത്തെ കൺട്രോൾ റൂമിൽ ഒക്ടോബർ 31 ന് നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കേണ്ടതാണ്.

സുരക്ഷാ ജീവനക്കാരുടെ മേൽനോട്ട ചുമതലകൾ നിർവഹിച്ച പരിചയം, അഗ്നിശമന സംവിധാനങ്ങൾ, ദുരന്ത നിവാരണ സംവിധാനങ്ങൾ തുടങ്ങിയ സേഫ്റ്റി മേഖലകളിലെ പ്രവൃത്തി പരിചയം, സർക്കാർ, പൊതുമേഖല സ്ഥാപനങ്ങളിൽ സെക്യൂരിറ്റി സർജന്റ് ജോലിയിൽ മുൻപരിചയമുള്ളവർ എന്നിവർക്ക് മുൻഗണന.ഫോൺ: 0484-2754000

## സെക്യൂരിറ്റി സ്റ്റാഫ് നിയമനം

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ സർജിക്കൽ വാർഡിൽ ഒഴിവ് വന്നിരിക്കുന്ന സെക്യൂരിറ്റി സ്റ്റാഫ് തസ്തികകളിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു.

കേന്ദ്ര പ്രതിരോധ സേനകളായ കരസേന, നാവിക സേന, വ്യോമസേന കോസ്റ്റ് ഗാർഡ് എന്നിവയിലേതെങ്കിലും സേനാവിഭാഗത്തിൽ നിന്നും കുറഞ്ഞത് പതിനഞ്ച് വർഷത്തെ സേവനമെങ്കിലും പൂർത്തിയാക്കിയവരും കരസേനയിലെ നായിബ്, സുബേദാർ റാങ്കിലോ മറ്റു പ്രതിരോധ സേനകളിലെ തത്തുല്യ റാങ്കുകളിലോ പെൻഷനോട് കൂടി വിരമിച്ചവർക്കുമാണ് അപേക്ഷിക്കാൻ സാധിക്കുക ഇവരുടെ അഭാവത്തിൽ കരസേനയിലെ ഹവിൽദാർ റാങ്കിലോ മറ്റു പ്രതിരോധ സേനകളിൽ നിന്ന് തത്തുല്യ റാങ്കിലോ കുറഞ്ഞത് 15 വർഷത്തെ സേവനമെങ്കിലും പൂർത്തിയാക്കി പെൻഷൻപറ്റിയവരെയും പരിഗണിക്കും. അപേക്ഷകന്റെ കൈവശം ഡിസ്ചാർജ് ബുക്ക്, പി.പി.ഒ എന്നിവ ഉണ്ടായിരിക്കണം. അപേക്ഷകരുടെ പ്രായം 2025 ഒക്ടോബർ ഒന്നിന് 50 വയസ്സ് കവിയരുത്.

ഒക്ടോബർ 31 രാവിലെ 10.30 മുതൽ 11.00 വരെ ആശുപത്രിയിലെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൽ നേരിട്ടുള്ള അഭിമുഖ നടക്കും. താൽപര്യമുള്ള അപേക്ഷകർ സർട്ടിഫിക്കറ്റുകൾ, പരിചയസർട്ടിഫിക്കറ്റ്, ആധാർ കാർഡ്, ഡിസ്ചാർജ് സർട്ടിഫിക്കറ്റ് എന്നിവയുടെ അസലും പകർപ്പ് രേഖകളും സഹിതം ഹാജരാകണം. 0484 -2754000.

## സിസ്റ്റം അഡ്മിനിസ്ട്രേറ്റർ നിയമനം

**കൊച്ചി:** എറണാകുളം കെമിക്കൽ എമർജൻസി റെസ്പോൺസ് സെന്ററിൽ സിസ്റ്റം അഡ്മിനിസ്ട്രേറ്റർ തസ്തികയിലേക്ക് താൽക്കാലിക നിയമനം നടത്തുന്നു.

ഒന്നാം ക്ലാസോടെ കേരള സർക്കാർ അംഗീകൃത സർവ്വകലാശാലകളിൽ നിന്ന് കമ്പ്യൂട്ടർ സയൻസ്, ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻസ്, ഐ.ടി എന്നീ വിഷയങ്ങളിലുള്ള ബി.ഇ/ ബി.ടെക് ബിരുദം അഥവാ കമ്പ്യൂട്ടർ സയൻസിൽ ബിരുദാനന്തര ബിരുദവും ഒന്നു മുതൽ രണ്ടുവർഷം വരെയുള്ള പ്രവൃർത്തി പരിചവും അല്ലെങ്കിൽ ഒന്നാം ക്ലാസോടെ കമ്പ്യൂട്ടർ സയൻസ്, ഐ. ടി , ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻസ് എന്നിവയിലുള്ള ഡിപ്ലോമയും മൂന്നു മുതൽ ആറു വരെ വർഷത്തെ പ്രവൃത്തിപരിചയവും ആണ് യോഗ്യത. ഒരു വർഷമാണ് നിയമന കാലാവധി. ഉദ്യോഗാർത്ഥികൾ ജനന തീയതി, വിദ്യാഭ്യാസ യോഗ്യത, മുൻ പരിചയം എന്നിവ തെളിയിക്കുന്ന അസൽ രേഖകളും അവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം നവംബർ അഞ്ചിന് രാവിലെ 11ന് കാക്കനാടുള്ള ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് ജോയിന്റ് ഡയറക്ടറുടെ ഓഫീസിൽ നടത്തുന്ന അഭിമുഖത്തിൽ പങ്കെടുക്കണം. ഫോൺ : 0484-2952258

സൊസൈറ്റി ടുഡേ
SOCIETY TODAY

# 'ഐഎൻഎസ് മാഹി' നാവികസേനയ്ക്ക് കൈമാറി

**കൊച്ചി:** തദ്ദേശീയമായി വികസിപ്പിച്ച് അത്യാധുനിക സാങ്കേതികത്തികവോടെ നിർമിച്ച 'ഐഎൻഎസ് മാഹി' അന്തർവാഹിനി ആക്രമണ പ്രതിരോധ കപ്പൽ കൊച്ചിൻ ഷിപ്പ്യാർഡ് നാവികസേനയ്ക്ക് കൈമാറി. നാവികസേനയ്ക്കുവേണ്ടി കൊച്ചി കപ്പൽശാല നിർമിക്കുന്ന 8 അന്തർവാഹിനി ആക്രമണ പ്രതിരോധ കപ്പലുകളിൽ ആദ്യത്തേതാണ് ഐഎൻഎസ് മാഹി. കപ്പലുകളുടെ രൂപകൽപ്പന, നിർമാണം, പരിപാലനം എന്നിവയിൽ അന്താരാഷ്ട്ര നിലവാരം ഉറപ്പുവരുത്തുന്ന ഡെറ്റ് നോസ്കെ വെരിറ്റസ് ഏജൻസിയുടെ സുരക്ഷാ മാനദണ്ഡങ്ങൾക്കനുസൃതമായാണ് ഐഎൻഎസ് മാഹി നിർമിച്ചത്. 78 മീറ്റർ നീളമുള്ള ഐഎൻഎസ് മാഹി രാജ്യത്തെ ഏറ്റവും വലിയ ഡീസൽ എഞ്ചിൻ വാട്ടർജെറ്റിൽ പ്രവർത്തിക്കുന്ന നാവിക പടക്കപ്പലാണ്. മണിക്കൂറിൽ 25 നോട്ടിക്കൽ മൈൽ വേഗത്തിൽ സഞ്ചരിക്കാൻ ശേഷിയുള്ള കപ്പലിൽ അത്യാധുനിക അണ്ടർവാട്ടർ സെൻസറുകൾ, വെള്ളത്തിൽനിന്നും വിക്ഷേപിക്കാവുന്ന സ്വയം നിയന്ത്രിത ടോർപ്പിഡോകൾ, റോക്കറ്റുകൾ, മൈനുകൾ വിന്യസിക്കാനുള്ള സംവിധാനം എന്നിവ ഒരുക്കിയിട്ടുണ്ട്. കൂടാതെ, സമുദ്രാന്തർ ഭാഗത്തെ അന്തർവാഹിനി സാന്നിധ്യം തിരിച്ചറിയുന്നതിനും തിരച്ചിലിനും രക്ഷാദൗത്യങ്ങൾക്കും ഐഎൻഎസ് മാഹി ഉപകരിക്കും. ശത്രുക്കളിൽനിന്നും സമുദ്രാതിർത്തിയിൽ സംരക്ഷണ കവചമൊരുക്കാൻ നാവിക സേനയ്ക്ക് കരുത്തേകുന്നതാണ് ഐഎൻഎസ് മാഹി. കേന്ദ്രസർക്കാരിന്റെ ആത്മനിർഭർ ഭാരതിനു കീഴിൽ 90 ശതമാനവും ത



ദ്ദേശീയമായി രൂപകൽപ്പനചെയ്തു നിർമിക്കുന്നവയാണ് അന്തർവാഹിനി ആക്രമണ പ്രതിരോധ കപ്പലുകൾ. കൊച്ചിൻ ഷിപ്പ്യാർഡിൽ നടന്ന ചടങ്ങിൽ സിഎസ്എൽ ഡയറക്ടർ (ഓപ്പറേഷൻസ്) ഡോ. എസ്. ഹരികൃഷ്ണൻ, ഐഎൻഎസ് മാഹിയുടെ കമാൻഡിങ് ഓഫീസർ അമിത് ചന്ദ്ര ചൗബെ, നാവികസേനാ റിയർ അഡ്മിറൽ ആർ. ആദിശ്രീനിവാസൻ, കമാൻഡർ അനുപ് മേനോൻ, നാവികസേനയിലെയും കൊച്ചിൻ ഷിപ്പ്യാർഡിലെയും ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

# പ്രൈം വോളിബോൾ ലീഗ്: ഇന്ന് സെമിഫൈനൽ പോരാട്ടം

**ഹൈദരാബാദ്:** ആദ്യനാലുസ്ഥാനക്കാരെ നിർണയിക്കാൻ അവസാനമത്സരം വരെ കാത്തിരിക്കേണ്ടി വന്ന ആർ.ആർ കാബെൽ പ്രൈം വോളിബോൾ ലീഗിൽ ഇന്ന് സെമിഫൈനൽ പോരാട്ടം. വൈകിട്ട് 6.30ന് ആദ്യ സെമിയിൽ ലീഗ് ഘട്ടത്തിലെ ഒന്നാം സ്ഥാനക്കാരായ മുംബൈ മിറ്റിയോഴ്സ് നാലാം സ്ഥാനക്കാരായ ഗോവ ഗാർഡിയൻസിനെ നേരിടും. രാത്രി 8.30ന് രണ്ടാം സ്ഥാനക്കാരായ ബംഗളൂരു ടോർപിഡോസും മൂന്നാം സ്ഥാനക്കാരായ അഹമ്മദാബാദ് ഡിഫൻഡേഴ്സും തമ്മിലാണ് രണ്ടാം സെമി. കളിച്ച 7 മത്സരങ്ങളിൽ ആറും ജയിച്ച് 17 പോയിന്റുമായാണ് മുംബൈ ഒന്നാം സ്ഥാനത്ത് ഫിനിഷ് ചെയ്തത്. ബംഗളൂരു ഏഴിൽ അഞ്ച് മത്സരം ജയിച്ച് 14 പോയിന്റുകൾ നേടി. 12 പോയിന്റോടെയായിരുന്നു അഹമ്മദാബാദ് ഡിഫൻഡേഴ്സിന്റെ മൂന്നാം സ്ഥാനം. എന്നാൽ ബുധനാഴ്ച്ച അവസാന ലീഗ് മത്സരത്തിലാണ് നാലാം സ്ഥാനക്കാരായി ഗോവ ഗാർഡിയൻസ് കടന്നുകൂടിയത്. അവസാനമത്സരത്തിൽ സെമി ഉറപ്പാക്കാൻ ഡൽഹി തൂഫാൻസിനും കൊൽക്കത്ത തണ്ടർബോൾട്ട്സിനും ജയം അനിവാര്യമായിരുന്നു. നേരിട്ടുള്ള സെറ്റുകൾക്കോ 3-1 എന്ന നിലയിലോ ജയിച്ചാലായിരുന്നു ഡൽഹിക്ക് സാധ്യത. കൽക്കത്തയ്ക്ക് ഒരു ജയം മാത്രം മതിയായിരുന്നു. ആദ്യ സെറ്റ് നേടിയ ഡൽഹിയെ തുടരെ രണ്ട് സെറ്റുകൾ സ്വന്തമാക്കി കൽക്കത്ത സെമി സാധ്യത വഴിയിൽ നിന്ന് പുറത്താക്കി. എന്നാൽ, ഡൽഹി ക്യാപ്റ്റൻ സഖ്ലൈൻ താരിഖിന്റെ നേതൃത്വത്തിൽ തിരിച്ചടിച്ചതോടെ ജയം തൂഫാൻസിന് സ്വന്തമായി, ഇതോടെ കൊൽക്കത്തയും പുറത്തായി. 10 പോയിന്റുമായി ഗോവ ഗാർഡിയൻസ് നാലാം സ്ഥാനക്കാരായി സെമിയിൽ പ്രവേശിച്ചു. കൽക്കത്തയ്ക്കും ഡൽഹിക്കും പുറമേ കൊച്ചി ബ്ലൂ സ്പൈക്കേഴ്സിനും 10 പോയിന്റ് വീതമുണ്ടായിരുന്നു. എന്നാൽ സെറ്റ് വ്യത്യാസത്തിലെ മുൻതൂക്കം ഗോവയെ അവസാന നാലിലെത്തിച്ചു. നിലവിലെ ചാമ്പ്യൻമാരായ കാലിക്കറ്റ് ഹീറോസ് 6 മത്സരവും തോറ്റ് നേരത്തേ സെമിഫൈനൽ കാണാതെ പുറത്തായിരുന്നു.


RR KĀBEL Prime Volleyball Powered by scapia

# ടൂറിസം വകുപ്പിന്റെ 'വിഷൻ 2031 ലോകം കൊതിക്കും കേരളം' സെമിനാർ: 25ന് കുട്ടിക്കാനം മരിയൻ കോളേജിൽ

**ഇടുക്കി :** കേരളത്തെ ലോകോത്തര ടൂറിസം കേന്ദ്രമാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്ന 'വിഷൻ 2031 ലോകം കൊതിക്കും കേരളം' എന്ന സെമിനാർ ഒക്ടോബർ 25ന് കുട്ടിക്കാനം മരിയൻ കോളേജിൽ നടക്കും. സംസ്ഥാന ടൂറിസം വികസന സമിതിയുടെ സഹകരണത്തോടെയാണ് പരിപാടി. ടൂറിസം മേഖലയിലെ പ്രമുഖർ, വിദേശ പ്രതിനിധികൾ, വ്യവസായ രംഗത്തെ പ്രമുഖർ, പ്രൊഫഷണലുകൾ, യുവ സംരംഭകർ, പൊതുപ്രവർത്തകർ എന്നിവർ പങ്കെടുക്കുന്ന ഈ സെമിനാറിൽ ടൂറിസം മേഖലയുടെ ഭാവിയെക്കുറിച്ചുള്ള വിപുലമായ ചർച്ചകൾ നടക്കും. സമ്പൂർണ്ണ സുരക്ഷ, ശുചിത്വം, സുസ്ഥിരത തുടങ്ങിയ വിഷയങ്ങൾ മുതൽ ഭാവിയിൽ ടൂറിസം മേഖലയുടെ സാമൂഹിക അടിത്തറയുടെ ആവശ്യകതയെക്കുറിച്ചും സെമിനാറിൽ ചർച്ച ചെയ്യും. ടൂറിസം മേഖലയുടെ സുസ്ഥിരമായ വികസനത്തെയും പ്രോത്സാഹനത്തെയും സഹായിക്കുന്നതാണ് ഈ സെമിനാറുകൾ. ടൂറിസം മേഖലയിലെ പ്രധാന വെല്ലുവിളികളും അവസരങ്ങളും ചർച്ച ചെയ്യുന്നതിനൊപ്പം, ഉത്തരവാദിത്ത ടൂറിസം, എല്ലാവരെയും ഉൾക്കൊള്ളുന്ന ടൂറിസം, അനുഭവ ടൂറിസം, പുനരുജ്ജീവന ടൂറിസം, ഡിസൈൻ പോളിസിയ്ക്ക് അപ്പുറം, ടൂറിസം വിദ്യാഭ്യാസവും നൈപുണ്യവികസനവും, ടൂറിസം കേന്ദ്രങ്ങളുടെ രൂപകൽപന വെല്ലുവിളികളും അവസരങ്ങളും, പുതിയ ടൂറിസം സാങ്കേതികവിദ്യകൾ, പൈതൃക, സാംസ്ക്കാരിക, ആത്മീയ, ടൂറിസം, ബിസിനസ് നവീകരണവും നിക്ഷേപ സാധ്യതകളും സാഹസിക ടൂറിസം, മറ്റ് അനുബന്ധ ഉത്പന്നങ്ങൾ തുടങ്ങിയവയ സെമിനാറിലെ ചർച്ചാ വിഷയങ്ങളാണ്. ഈ സെമിനാറുകളിലൂടെ ഉരുത്തിരിയുന്ന ടൂറിസം മേഖലയുടെ വികസനവുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങളും നിർദ്ദേശങ്ങളും വകുപ്പിന്റെ തുടർ പ്രവർത്തനങ്ങൾക്ക് വഴികാട്ടിയാകാനാണ് ഉദ്ദേശിക്കുന്നത്. സെമിനാറിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്ക് താഴെ കൊടുത്തിരിക്കുന്ന ലിങ്ക് മുഖേന രജിസ്റ്റർ ചെയ്യാം. http-s://www.keralatourism.org/vision2031 കൂടുതൽ വിവരങ്ങൾക്കായി കേരള ടൂറിസം വെബ്സൈറ്റ് സന്ദർശിക്കുകയോ,keralatourism.vision.2031@gmail.com എന്ന ഇമെയിൽ വിലാസത്തിൽ ബന്ധപ്പെടുകയോ ചെയ്യാവുന്നതാണ്.

kerala God's Own Country

# സാഹിത്യ പുരസ്കാരം കാവാലം അനിലിന്



**കൊച്ചി:** അന്താരാഷ്ട്ര പുസ്തകോത്സവ സമിതിയുടെ ആഭിമുഖ്യത്തിലുള്ള കെ. രാധാകൃഷ്ണൻ സാഹിത്യ പുരസ്കാരം കാവാലം അനിലിന്. ഓഷോ ജീവിതവും ദർശനവും, സ്വാതി തിരുനാൾ, ഇന്ത്യൻ തന്ത്ര: ആത്മീയതയിലെ ലൈംഗികത, ആർഷാക്ഷരങ്ങൾ എന്നിവയാണ് പ്രധാന കൃതികൾ. പതിനായിരം രൂപയും ഫലകവും പ്രശസ്തി പത്രവുമാണ് പുരസ്കാരം. നവംബർ 9ന് വൈകിട്ട് നാലുമണിക്ക് അന്താരാഷ്ട്ര പുസ്തകോത്സവവേദിയിൽ വച്ച് സാഹിത്യകാരൻ പായിപ്ര രാധാകൃഷ്ണൻ പുരസ്കാരം സമ്മാനിക്കും.

# ദേശീയതല മെഡിക്കൽ ഫെസ്റ്റ് സംഘടിപ്പിച്ചു




**കൊച്ചി:** ക്ലിനിക്കൽ മേഖലയിൽ എം.ബി.ബി.എസ് വിദ്യാർത്ഥികൾക്ക് കൂടുതൽ വ്യക്തതയും കൃത്യതയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് സ്പഷ്ട് 2025 ദേശീയതല യുജി മെഡിക്കൽ ഫെസ്റ്റ് സംഘടിപ്പിച്ചത്. അമൃത സ്കൂൾ ഓഫ് മെഡിസിൻ പ്രിൻസിപ്പൽ ഡോ. കെ.പി ഗിരീഷ് കുമാർ മെഡിക്കൽ ഫെസ്റ്റ് ഉദ്ഘാടനം ചെയ്തു. യഥാർത്ഥ ക്ലിനിക്കൽ സന്ദർഭങ്ങളിൽ പരിശീലനം ഉറപ്പാക്കുന്ന അഞ്ചുദിവസത്തെ മെഡിക്കൽ ഫെസ്റ്റിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾ പങ്കെടുത്തു. സർജറി, പ്രസവചികിത്സ, ഗൈനക്കോളജി, കാർഡിയോവാസ്കുലർ മെഡിസിൻ, സ്ട്രോക്ക് മെഡിസിൻ, പീഡിയാട്രിക്സ്, ഗ്യാസ്ട്രോ എൻട്രോളജി തുടങ്ങി വിവിധ സ്പെഷ്യാലിറ്റികളെ കുറിച്ചുള്ള ക്ലാസുകളും ഫെസ്റ്റിന്റെ ഭാഗമായി സംഘടിപ്പിച്ചിരുന്നു. ബേസിക് ലൈഫ് സപ്പോർട്ട്, ലംബർ പഞ്ചർ, നിയോനാറ്റൽ റീസസിറ്റേഷൻ, ബ്രോങ്കോസ്കോപ്പി, തുടങ്ങിയ സ്കിൽ ലാബുകളിലും പരിശീലനങ്ങളിലും പങ്കെടുക്കാൻ ഫെസ്റ്റിൽ വിദ്യാർത്ഥികൾക്ക് അവസരം ഒരുക്കി. റോബോട്ടിക് സർജറി, ഇസിജി വിശകലനം, ഹിപ്നോട്ടിസം, ഫോറൻസിക് ക്രൈം സീൻ ഇൻവെസ്റ്റിഗേഷൻ തുടങ്ങിയ മേഖലകളിൽ സംഘടിപ്പിച്ച ശിൽപ്പശാലകളും ഫെസ്റ്റിന്റെ ഭാഗമായി സംഘടിപ്പിച്ചു.

# മുഹൂർത്ത വ്യാപാരം ആഘോഷിച്ച് എൻഎസ്ഇ




**തിരുവനന്തപുരം:** ദീപാവലി മുഹൂർത്തവ്യാപാരം ആഘോഷിച്ച് നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് (എൻഎസ്ഇ) ഇന്ത്യയുടെ സാമ്പത്തിക വളർച്ചാ ചരിത്രത്തിൽ നിക്ഷേപകരെ പങ്കാളികളാക്കുക എന്ന ലക്ഷ്യത്തിലൂന്നിയാണ് എൻഎസ്ഇ ദീപാവലി മുഹൂർത്ത വ്യാപാരം വഴി ലക്ഷ്യമിട്ടത്. ഓരോ നിക്ഷേപകനും വിശ്വാസത്തോടെയും ഉത്തരവാദിത്തത്തോടെയും വളരാൻ കഴിയുന്ന സുതാര്യമായ അന്തരീക്ഷം വളർത്തിയെടുക്കാൻ എൻഎസ്ഇ പ്രതിജ്ഞാബദ്ധമാണെന്ന് എൻഎസ്ഇ എം.ഡിയും സിഇഒയുമായ ആശിഷ്കുമാർ ചൗഹാൻ പറഞ്ഞു.

# ലോജിസ്റ്റിക്സ് & സപ്ലൈ ചെയിൻ മാനേജ്മെന്റ്

**കൊച്ചി:** കേരള സ്റ്റേറ്റ് റൂട്രോണിക്സിൽ സർട്ടിഫിക്കറ്റോടുകൂടി ഒരു വർഷം, 6 മാസം, 3 മാസം ദൈർഘ്യമുള്ള ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈ ചെയിൻ മാനേജ്മെന്റ് കോഴ്സുകളിൽ തിരുവനന്തപുരം, ആറ്റിങ്ങൽ അംഗീകൃത പഠന കേന്ദ്രങ്ങളിലേക്ക് ഇന്റേൺഷിപ്പോടുകൂടി റെഗുലർ പാർടൈം ബാച്ചുകളിലേക്ക് എസ്.എസ്.എൽ.സി,പ്ലസ് ടു,ഡിഗ്രി പാസ്സായവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു.ഫോൺ: 7994926081

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഗൂഗിൾ പേയുമായി മത്സരിക്കാൻ സോഹോ പേ

**കൊച്ചി:** ഇന്ത്യൻ ടെക് ലോകത്തെ ശ്രദ്ധേയമായ കമ്പനിയായ സോഹോ കോർപ്പറേഷൻ ഡിജിറ്റൽ പേമെന്റ് രംഗത്തേക്ക് കടക്കാനൊരുങ്ങുന്നു. നിലവിൽ ബിസിനസ് സൊല്യൂഷനുകൾക്കായി സോഹോ പേമെന്റ്സ് എന്ന പേമെന്റ് ഗേറ്റ്വെ ലഭ്യമാണെങ്കിലും, സാധാരണ ഉപയോക്താക്കളെ ലക്ഷ്യമിട്ടുള്ള 'സോഹോ പേ' എന്ന മൊബൈൽ പേയ്മെന്റ് ആപ്ലിക്കേഷൻ പുറത്തിറക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്.

ഇതിനോടകം തന്നെ സംരംഭകർക്കു വേണ്ടി പി.ഒ.എസ് ഉപകരണങ്ങളും ക്യു.ആർ കോഡ് ഡിവൈസുകളും, പേഔട്ട് സൗകര്യങ്ങളും സോഹോ പുറത്തിറക്കിയിട്ടുണ്ട്. സ്വതന്ത്ര ആപ്പായും മെസേജിങ് പ്ലാറ്റ്ഫോമായ അറട്ടൈയിലും സോഹോ പേ ലഭ്യമാകും. ഉപയോക്താക്കൾക്ക് അറട്ടൈയിലെ അവരുടെ ചാറ്റ് ഇൻറർഫേസ് വിടാതെ തന്നെ ഇടപാടുകൾ നടത്താനാകും.




ഉപയോക്താക്കൾക്ക് പണം സ്വീകരിക്കുന്നതിനും നൽകുന്നതിനും ഒരു ഏകീകൃത ഡിജിറ്റൽ സംവിധാനമൊരുക്കി നൽകാനാണ് ഈ നീക്കത്തിലൂടെ കമ്പനി ലക്ഷ്യമിടുന്നത്. വായ്പ, ബ്രോക്കിങ്, ഇൻഷ്വറൻസ്, വെൽത്ത്ടെക് തുടങ്ങിയവയിലേക്ക് മേഖല വികസിപ്പിക്കാനാണ് കമ്പനി ഉദ്ദേശിക്കുന്നത്.

നിലവിലുള്ള അക്കൗണ്ടിങ്, ഇൻവോയ്സിങ് പോലുള്ള സോഹോയുടെ ബിസിനസ് ആപ്ലിക്കേഷനുകളുമായി സോഹോ പേമെന്റ്സ് പൂർണമായി സംയോജിപ്പിച്ചിരിക്കുന്നു. ഇത് വ്യാപാരികൾക്ക് ബില്ലിങ്, പണമിടപാട്, അക്കൗണ്ടിങ് എന്നിവ ഒരേ പ്ലാറ്റ്ഫോമിൽ കൈകാര്യം ചെയ്യാൻ സഹായിക്കും.

ചെറുകിട, ഇടത്തരം സംരംഭങ്ങൾ ഉൾപ്പെടെയുള്ള വ്യാപാരികൾക്ക് കാര്യക്ഷമമായ പേമെന്റ് സംവിധാനം ഒരുക്കുന്നതിനോടൊപ്പം, ജനകീയമായ യുപിഐ സംവിധാനം ഉൾപ്പെടുത്തി ഉപഭോക്തൃ പേയ്മെൻറ് ആപ്ലിക്കേഷൻ രംഗത്തേക്ക് വരുന്നത് ഗൂഗിൾ പേ, ഫോൺ പേ തുടങ്ങിയ വൻകിട കമ്പനികൾക്ക് വെല്ലുവിളിയുയർത്തും.




# ടൊയോട്ട അർബൻ ക്രൂയിസർ ഹൈറൈഡർ എയ്റോ എഡിഷൻ പുറത്തിറങ്ങി

### 10.94 ലക്ഷം രൂപ മുതലാണ്(എക്സ്ഷോറൂം) അർബൻ ക്രൂസർ ഹൈറൈഡറിന്റെ വില.

**കൊച്ചി:** ടൊയോട്ട കിർലോസ്കർ മോട്ടോർ അർബൻ ക്രൂയിസർ ഹൈറൈഡറിന്റെ പുതിയ എയ്റോ എഡിഷൻ പുറത്തിറക്കി. ഫ്രണ്ട്, റിയർ സ്പോയിലറുകൾ, സൈഡ് സ്കർട്ടുകൾ എന്നിവ ഉൾപ്പെടുന്ന ഈ പ്രത്യേക സ്റ്റൈലിംഗ് പാക്കേജ് എല്ലാ വേരിയന്റുകളിലും 31,999 രൂപ അധിക വിലയിൽ ലഭ്യമാണ്. വൈറ്റ്, സിൽവർ, ബ്ലാക്ക്, റെഡ് എന്നീ നാല് നിറങ്ങളിൽ എയ്റോ പതിപ്പ് ലഭ്യമാണ്. 10.94 ലക്ഷം രൂപ മുതലാണ്(എക്സ്ഷോറൂം) അർബൻ ക്രൂസർ ഹൈറൈഡറിന്റെ വില. ഹൈറൈഡറിന്റെ എല്ലാ വകഭേദങ്ങളിലും സവിശേഷ സ്റ്റൈലിംഗ് പാക്കേജ് ലഭ്യമാണ്. ഇത് ഉപഭോക്താക്കൾക്ക് ഇഷ്ടമുള്ള മോഡൽ തിരഞ്ഞെടുക്കാൻ അനുവദിക്കുന്നു.2022ൽ പുറത്തിറങ്ങിയതിനുശേഷം അർബൻ ക്രൂസർ ഹൈറൈഡർ ഇന്ത്യയിലെ എസ്‌യുവി പ്രേമികൾക്കിടയിൽ അതിവേഗം ജനപ്രീതി നേടി. അടുത്തിടെ 168,000 യൂണിറ്റ് വിൽപ്പന എന്ന നാഴികക്കല്ലും മറികടന്നിരുന്നു.



# ഇന്ത്യൻ സ്മാർട്ട്ഫോൺ വിപണി കീഴടക്കി വിവോ

**കൊച്ചി:** ഇന്ത്യൻ സ്മാർട്ട്ഫോൺ വിപണിയിൽ ആധിപത്യം സ്ഥാപിച്ചിരിക്കുകയാണ് ചൈനീസ് ബ്രാൻഡായ വിവോ. പ്രമുഖ എതിരാളികളായ സാംസങ്, ഷവോമി എന്നിവയെ വിവോ പിന്നിലാക്കിയെന്നാണ് പുറത്തുവരുന്ന റിപ്പോർട്ടുകൾ.

ഈ വർഷം മൂന്നാം പാദത്തിൽ ഇന്ത്യൻ സ്മാർട്ട്ഫോൺ വിപണിയിൽ മുൻവർഷത്തെ അപേക്ഷിച്ച് മൂന്ന് ശതമാനം വളർച്ചയാണ് കമ്പനി കൈവരിച്ചത്. ഏകദേശം 48.4 ദശലക്ഷം യൂണിറ്റ് സ്മാർട്ട്ഫോണുകളുടെ വിൽപ്പനയാണ് രാജ്യത്ത് നടന്നത്. ഇതിൽ ചൈനീസ് സ്മാർട്ട്ഫോൺ നിർമാതാക്കളായ വിവോ ഏകദേശം 20% വിഹിതം സ്വന്തമാക്കി.

പ്രീമിയം സെഗ്മെന്റിൽ ആപ്പിളിന്റെ ഐഫോണുകൾ ശക്തമായ സാന്നിധ്യമായി നിലനിൽക്കുമ്പോഴും, ഇടത്തരം, കുറഞ്ഞ വില വിഭാഗങ്ങളിലെ വിവോയുടെ മേൽക്കൈയാണ് അവരെ ഒന്നാം സ്ഥാനത്തെത്തിച്ചത്.

2025ന്റെ മൂന്നാം പാദത്തിൽ വിവോ ഏകദേശം 9.7 ദശലക്ഷം യൂണിറ്റ് ഹാൻഡ്സെറ്റുകൾ ഇന്ത്യയിൽ വിറ്റഴിച്ചു. ദക്ഷിണ കൊറിയൻ സ്മാർട്ട്ഫോൺ നിർമാതാക്കളായ സാംസങ് ഏകദേശം 6.8 ദശലക്ഷം യൂണിറ്റുകളുടെ വിൽപ്പനയുമായി രണ്ടാം സ്ഥാനത്താണ്.

